പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3005 **29-10-2026-ൽ മറുപടിയ്ക്ക്**

അക്വാഫിറ്റ് പദ്ധതി

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീമതി ഉമ തോമസ്

ശ്രീ. സേനാപതി വേണു

ശ്രീ. വി. ടി. സൂരജ്

ശ്രീ. എം. എം. നസീർ

മറുപടി നൽകിയ മന്ത്രി

ശ്രീ. എൻ. ഷംസുദ്ദീൻ
(പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി)

(എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ സ്കൂൾ കുട്ടികൾക്ക് നീന്തൽ പരിശീലനം നൽകുന്നതിനുള്ള അക്വാഫിറ്റ് പദ്ധതിയുടെ ലക്ഷ്യങ്ങളും നടത്തിപ്പുരീതിയും എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

മറുപടി: കേരളത്തിലെ സ്കൂൾ വിദ്യാർത്ഥികൾക്കായി തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ സഹകരണത്തോടെ ആവിഷ്കരിച്ച നീന്തൽ പരിശീലന പദ്ധതിയാണ് 'അക്വാഫിറ്റ്'. കായിക പ്രതിഭകളെ കണ്ടെത്തുക, കുട്ടികളിലെ നീന്തൽ അഭിരുചി വളർത്തി ഭാവിയിലേക്കുള്ള മികച്ച നീന്തൽ താരങ്ങളെ വളർത്തിയെടുക്കുക, മികച്ച ഒരു വ്യായാമ മുറ നൽകി സമഗ്ര ആരോഗ്യത്തിന് സഹായിക്കുക, കായിക വിനോദം എന്നതിലുപരി ജീവൻ രക്ഷാ ഉപാധിയായി കുട്ടികളെ നീന്തൽ പഠിപ്പിക്കുക എന്നിവയൊക്കെയാണ് പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങൾ. സംസ്ഥാന സർക്കാരിന്റെ 100 ദിന കർമ്മ പദ്ധതിയുടെ ഭാഗമായിട്ടാണ് പരിശീലനം സംഘടിപ്പിച്ചത്.

(ബി) പ്രസ്തുത പദ്ധതി സംസ്ഥാനത്തെ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കും വ്യാപിപ്പിക്കുന്നതിന് വകുപ്പ് നടപടി സ്വീകരിച്ചിട്ടുണ്ടോ; സ്കൂളുകളെയും നീന്തൽ പരിശീലന കേന്ദ്രങ്ങളെയും പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് എന്തെല്ലാം ക്രമീകരണങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത്; വിശദമാക്കാമോ;

മറുപടി: പ്രസ്തുത പദ്ധതി സംസ്ഥാനത്തെ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കും വ്യാപിപ്പിക്കുന്നത് സംബന്ധിച്ച് വകുപ്പ് കൂടിയാലോചനകൾ ഒന്നും നടത്തിയിട്ടില്ല.

(സി) കുട്ടികൾക്ക് നീന്തൽ പരിശീലനം നൽകുന്നതിനായി യോഗ്യതയുള്ള പരിശീലകരെ നിയോഗിക്കുന്നതിനും സുരക്ഷാ ഉപകരണങ്ങൾ, നീന്തൽക്കുളങ്ങൾ, അനുയോജ്യമായ ജലാശയങ്ങൾ എന്നിവ ഉറപ്പാക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോ;

മറുപടി: ഉണ്ട്.

(ഡി) നീന്തൽ പരിശീലനത്തിനിടെ അപകടങ്ങൾ ഒഴിവാക്കുന്നതിനും കുട്ടികളുടെ സുരക്ഷ ഉറപ്പാക്കുന്നതിനും രക്ഷാപ്രവർത്തന സംവിധാനങ്ങൾ, അടിയന്തര വൈദ്യസഹായം എന്നിവ ഏർപ്പെടുത്തുന്നതിന് നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

മറുപടി: നീന്തൽ പരിശീലനം നടത്തുന്നതിന് അംഗീകൃതവും അനുയോജ്യവുമായ സ്വിമ്മിങ് പൂളുകളാണ് തിരഞ്ഞെടുത്തിട്ടുണ്ടായിരുന്നത്. കുട്ടികളുടെ സുരക്ഷ ഉറപ്പാക്കുന്നതിനുള്ള കർശന നിർദേശങ്ങൾ നൽകിയിട്ടുണ്ട്.

(ഇ) അക്വാഫിറ്റ് പദ്ധതി കൂടുതൽ സ്കൂൾ കുട്ടികളിലേക്ക് വ്യാപിപ്പിച്ച് നീന്തൽ നൈപുണ്യം വളർത്തുന്നതിനും മുങ്ങിമരണങ്ങൾ തടയുന്നതിനുമായി സമഗ്ര പദ്ധതി നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

മറുപടി: ഇത് സംബന്ധിച്ച് ഇപ്പോൾ തീരുമാനമൊന്നും എടുത്തിട്ടില്ല.

സെക്ഷൻ ഓഫീസർ